BUDGET SPEECH

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): സർ, 1970-71 ബഡ്ജറ്റ് ഞാൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

ആസൂത്രിത വികസനരംഗത്തുള്ള നമ്മുടെ പരീക്ഷണങ്ങളും പ്രതിസന്ധിയിൽനിന്നും പ്രതിസന്ധിയിലേക്ക് നീങ്ങുകയും സാമ്പത്തികാഭിവൃദ്ധിയെ സൂചിപ്പിക്കുന്ന ഗ്രാഫ് നിമ്നോന്നതമായും ക്രമരഹിതമായും പൊയ്ക്കൊണ്ടിരിക്കുകയും ചെയ്തിട്ടുള്ള ഒരു ദശാബ്ദക്കാലമാണ് നാം ഇപ്പോൾ പിന്നിട്ടു കഴിഞ്ഞിട്ടുള്ളത്. ഉയർന്ന പ്രതീക്ഷകളോടുകൂടി ആരംഭിക്കപ്പെട്ട മൂന്നാം പദ്ധതി രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ശീഘ്രഗതിയിലുള്ള വളർച്ചയുടെ രാജമാർഗ്ഗത്തിൽ നമ്മെ കൊണ്ടെത്തിക്കുമെന്നു നാം ആഗ്രഹിച്ചു. പക്ഷെ ആ പ്രതീക്ഷ സഫലമായില്ലെന്നു മാത്രമല്ല, മൂന്നാം പദ്ധതിയുടെ അവസാനത്തിൽ തുടരെത്തുടരെ ഉണ്ടായ വിളനാശവും അതിനെത്തുടർന്നുളവായ വ്യവസായ മാന്ദ്യവും നമുക്ക് അഭിമുഖീകരിക്കേണ്ടിവരികയും ചെയ്തു. ഈ പരിതഃസ്ഥിതിയിൽ അടുത്ത പഞ്ചവൽസരക്കാലത്തേക്ക് ഒരു വികസന പരിപാടി തയാറാക്കി പ്രവർത്തനത്തിൽകൊണ്ടുവരാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കേണ്ടിവന്നു. മൂന്നാം പദ്ധതിയെ തുടർന്ന് മൂന്നു വാർഷിക പദ്ധതികളും തല്ലിക്കൂട്ടി കഷ്ടിച്ചു നടപ്പിലാക്കിയെങ്കിലും ആസൂത്രിത വികസന പ്രക്രിയയ്ക്ക് പൊതുവേ വിശ്രമവേളയായിരുന്ന ഈ വർഷങ്ങളും. ദേശീയാസൂത്രണം അതിന്റെ ഏറ്റവും വലിയ പരീക്ഷണഘട്ടത്തിൽക്കൂടി കടന്നു പോകയായിരുന്നു. പ്ലാനിംഗിന്റെ ഏറ്റവും ആവേശരഹിതരായ ആരാധകർപോലും സംഭവഗതികളുടെ ഈ പരിണാമത്തിൽ നിരാശരായിത്തീർന്നു. ഈ പരാജയബോധം സാധാരണക്കാരനെക്കൂടി ബാധിക്കുകയും ആസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ അയാൾക്കുണ്ടായിരുന്ന വിശ്വാസത്തിനു ഇളക്കം തട്ടിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി നമ്മുടെ സമ്പദ്വ്യവസ്ഥ മെച്ചപ്പെട്ടുവരുന്നതിന്റെ ലക്ഷണങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ട്. നാലാം പദ്ധതിയുടെ ഒരു കരടുരേഖ തയ്യാറാക്കുകയും, വർദ്ധിച്ച ആശങ്കകളോടും കുറഞ്ഞ ആത്മവിശ്വാസത്തോടുംകൂടിയായിരുന്നുവെങ്കിലും ആ പദ്ധതി പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളും തുടങ്ങുകയും ചെയ്തു. വളരെ അനുകൂലമായ സാഹചര്യങ്ങളുടെ ഫലമായി കാർഷികോൽപ്പാദനത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. വ്യവസായരംഗം വീണ്ടും സജീവമായി. ഗുരുതരമായ ഭക്ഷ്യദൌർലഭ്യത്തിനേറെയും വ്യവസായ തളർച്ചയുടേയും വർഷങ്ങളെ പിന്നിട്ട് നാം ബഹുദൂരം സഞ്ചരിച്ചുകഴിഞ്ഞ ഒരു പ്രതീതിയാണ് പുതിയ ദശാബ്ദത്തിലേക്കു കാലെടുത്തു വയ്ക്കുന്ന നമ്മുക്ക് ഇന്നുള്ളത്. പുരോഗതിയുടേയും വികസനത്തിന്റെയും ഒരു ദശാബ്ദത്തിലേക്ക്, വീണ്ടെടുത്ത പ്രതീക്ഷകളോടെ നാം ഉറ്റുനോക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ വികസനചരിത്രത്തിലെ സുപ്രധാനമായ ഈ വഴിത്തിരിവിൽ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

എന്നാൽ ചില പരാധീനതകളുടെ സ്മരണ ഉയർന്നു വരികയും നമ്മുടെ മോഹങ്ങൾക്കു മങ്ങൽ ഉണ്ടാവുകയും ചെയ്യുന്ന ഒരു സാഹചര്യം ഇന്നു നിലവിലുണ്ടെന്നു വസ്തുത ഓർമ്മിപ്പിക്കാതെ തരമില്ല. സമ്പദ് വ്യവസ്ഥയുടെ മിക്കരംഗങ്ങളും വികസന പ്രക്രിയയുടെ പ്രഭാവം കൊണ്ടു സജീവമായിരിക്കുകയാണ്. ഈ ചലനങ്ങൾ ദുർബ്ബലപ്പെട്ടുപോകാതിരിക്കണമെങ്കിൽ വൻതോതിൽ വിഭവങ്ങൾ സമാഹരിക്കുകയും അവ ഏറ്റവും പ്രയോജനകരമാംവണ്ണം വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. വിഭവങ്ങൾ ആർജ്ജിക്കുന്ന കാര്യത്തിൽ നമുക്ക് ഒട്ടേറെ പരിമിതികളുണ്ട്. ഭരണഘടന അനുസരിച്ച് ഏറ്റവും സംപുഷ്ടമായ വരവിനങ്ങളെല്ലാം കേന്ദ്രഗവൺമെൻറിൽ നിക്ഷി

LIBRARY ARCHIVES Kerala Legislative Assembly

പ്തമായിരിക്കുന്നതുകൊണ്ടും കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ ആസൂത്രണത്തിന്റെ ഫലമായി സമ്പദ് വ്യവസ്ഥയുടെ മർമ്മപ്രധാനമായ രംഗങ്ങളെല്ലാം കേന്ദ്രത്തിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിലായതുകൊണ്ടും വിഭവ സംഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള പ്രവർത്തനസ്വാതന്ത്ര്യം ഗണ്യമായി തടയപ്പെട്ടിരിക്കയും കേന്ദ്രത്തിൽ മേൽക്കോയ്മ നടത്തുന്ന ശക്തികളുടെ ദയാദാക്ഷിണ്യങ്ങൾ ആശ്രയിക്കേണ്ടഗതികേട് സംസ്ഥാനങ്ങൾക്കു വന്നു ചേരുകയും ചെയ്തിരിക്കുന്നു. ഗ്രാന്റായോ നികുതിവിഹിതമായോ കേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന സാമ്പത്തികസഹായം കൂടാതെ സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവ് ഇൻഡ്യയിലെ ഏതെങ്കിലും സംസ്ഥാനത്തിന് ഇന്നുണ്ടോ എന്നുള്ളതു സംശയമാണ്. സംസ്ഥാനങ്ങളുടെ അനുക്രമമായ സാമ്പത്തികതകർച്ച കണക്കിലെടുത്തു കൊണ്ടാണ് ഭരണഘടനാവ്യവസ്ഥകൾ പുനഃപരിശോധിച്ച് വേണ്ട ഭേദഗതികൾ കൊണ്ടുവരണമെന്നും ഒരു അർദ്ധജുഡീഷ്യൽ സ്വഭാവത്തോടു കൂടിയ സ്ഥിരം ധനകാര്യക്കമ്മിഷനെ നിയമിക്കണമെന്നും ഈ സംസ്ഥാന ഗവൺമെന്റ് അടുത്ത കാലത്ത് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ രാജ്യത്തെ പ്രമുഖരായ സാമ്പത്തികാര്യ വിദഗ്ദ്ധൻമാരും, ഭരണ ധുരന്ധരൻമാരും പ്രസ്തുത ആശയഗതിയോട് യോജിപ്പു പ്രകടിപ്പിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളെല്ലാംതന്നെ അതിനോട് അനുകൂലമായ നിലപാടാണ് എടുത്തിട്ടുള്ളത്. എന്നിരിക്കിലും ക്രിയാത്മകമായ യാതൊരു പ്രതികരണവും കേന്ദ്രഗവൺമെന്റിൽ ഉണ്ടായിട്ടില്ലെന്നുള്ളതു ഖേദകരമാണ്.

സംസ്ഥാനങ്ങൾ തമ്മിലുള്ള സമ്പദ്വ്യവസ്ഥയിലെ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ആസൂത്രണപ്രക്രിയ സഹായകമായിട്ടില്ലെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വിവിധ പ്രദേശങ്ങൾ തമ്മിൽ സമതുലിതമായ സാമ്പത്തികാഭിവൃദ്ധി കൈവരുത്തുക പ്ലാനിംഗിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്നിരിക്കിലും ഇതുവരെ അനുവർത്തിച്ചുപോന്ന നയങ്ങൾ ഈ ലക്ഷ്യപ്രാപ്തിക്ക് സഹായകമായിരുന്നിട്ടില്ല. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ താരതമ്യപ്പെടുത്തിനോക്കിയാൽ, കേന്ദ്ര നിക്ഷേപങ്ങളുടേയോ സ്വകാര്യമൂലധന നിക്ഷേപങ്ങളുടേയോ കാര്യത്തിലായാലും ശരി, സംഘടിതമായ ധനകാര്യവിപണികളിൽക്കൂടി ഒഴുകുന്ന വിഭവങ്ങൾ സമാഹരിക്കുന്ന കാര്യത്തിലായാലും ശരി, വമ്പൻമാർ കൊടികുത്തിവാഴുന്ന ചിത്രമാണ് കാണാൻ സാദ്ധ്യമാകുന്നത്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ വിഹിതം താരതമ്യേന നിസ്സാരമായിപ്പോയതിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ. വികസന പ്രക്രിയയുടെ വൈകല്യങ്ങൾമൂലം പിൻതള്ളപ്പെട്ടുപോയ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ പ്രസ്തുത വൈകല്യങ്ങളുടെ തിക്തഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ള സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന്റെ സഹായത്തിനെത്തുവാൻ കേന്ദ്രഗവൺമെന്റിനു ഭരണഘടനാപരമായും ധാർമ്മികമായും ചുമതല ഉണ്ടെന്നു സംശയലേശമെന്യേ തറപ്പിച്ചു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ധനകാര്യ എജൻസികളുടേയും സ്ഥാപനങ്ങളുടേയും സോദ്ദേശകമായ പ്രവർത്തനങ്ങളിൽക്കൂടി വളരെയധികം ധനവിഭവങ്ങൾ ഈ സംസ്ഥാനത്തിന് വിട്ടുതരാൻ കഴിഞ്ഞില്ലെങ്കിൽ സാമ്പത്തിക പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാകാൻ പോകുന്നില്ല.

കേരളത്തിന് അഞ്ചാം ധനകാര്യക്കമ്മിഷനിൽനിന്നും പൂർണ്ണമായ നീതി ലഭിക്കുമെന്ന് 1969–70–ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് എന്റെ മുൻഗാമി പ്രത്യാശ പ്രകടിപ്പിച്ചിരുന്നു. നിലവിലുള്ള സാമ്പത്തിക സംവിധാനത്തിനുള്ളിൽനിന്നുകൊണ്ട് നീതിയുക്തമായ വിഭവവിതരണം സാദ്ധ്യമായേക്കാമെന്ന് ആർക്കെങ്കിലും നേരിയ ആശയുണ്ടായിരുന്നു എങ്കിൽ അതു തികച്ചും വിഫലമാക്കുന്നതിന് പര്യാപ്തമായ വിധത്തിലാണ് കമ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടും അതിലെ ഭൂരിപക്ഷ ശുപാർശകളും അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനവും. സംസ്ഥാനങ്ങളുടെ സാമ്പത്തിക ഭദ്രതപോലെ ജീവൽപ്രധാനമായ പ്രശ്നങ്ങളും ഏതാനും ചിലരുടെ— അവർ എത്രതന്നെ ഉന്നതൻമാരോ സദുദ്ദേശപ്രേരിതരോ ആയാലും ശരി വ്യക്തിനിഷ്ഠമായ തീരുമാനങ്ങൾക്ക് വിടുകയാണെങ്കിൽ വന്നു ചേർന്നേക്കാവുന്ന അപരിഹാര്യമായ ദുർഘടസന്ധിയെപ്പറ്റി ഞങ്ങൾക്കുണ്ടായിരുന്ന ദുരന്തദുശ്ശങ്കകളും സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പത്തികനിലയെപ്പറ്റിയുള്ള യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കുന്നതിന് കമ്മിഷന് കഴിഞ്ഞിട്ടില്ലെന്നും സംസ്ഥാനങ്ങൾ തമ്മിൽ നിലവിലുള്ള സാമ്പത്തിക ഭിന്നതകളുടെ ആക്കം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു ധനവിഭവവിതരണപദ്ധതിയാണ് കമ്മിഷൻ ശുപാർശചെയ്തിട്ടുള്ളതെന്നും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. നമ്മുടേതുപോലുള്ള ചില സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം തുടർച്ചയായുള്ള റവന്യൂക്കമ്മിക്ക് വഴി തെളിക്കുകയും അതേസമയം ഏഴു സംസ്ഥാനങ്ങൾക്ക് നാലാം പദ്ധതിക്കാലത്ത് 15 കോടി രൂപ മുതൽ 419 കോടി രൂപവരെയുള്ള ഗണ്യമായ റവന്യൂമിച്ചം കൈവരുത്തുകയും ചെയ്യുന്ന ഒരു സമീപനമാണ് കമ്മിഷൻ അവാർഡിന്റെ പ്രത്യേകത. പ്രസ്തുത അവാർഡിന്റെ ഗുണഭോക്താക്കളെല്ലാംതന്നെ ഹിന്ദി സംസ്ഥാനങ്ങളാണെന്നുള്ള കൺതുറപ്പിക്കുന്ന വസ്തുതയുടെ പശ്ചാത്തലത്തിൽ ദക്ഷിണ സംസ്ഥാനങ്ങളോട് വിവേചനംകാണിച്ചുവെന്ന് ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്ന പരാതികൾ അടിസ്ഥാനരഹിതമാണെന്നു പറഞ്ഞു തള്ളിക്കളയാവുന്നതല്ല. മൈസൂരും കേരളവുമാണ് കമ്മിഷന്റെ ശുപാർശകൾ ഏറ്റവും പ്രതികൂലമായി ബാധിച്ച രണ്ടു സംസ്ഥാനങ്ങൾ; തുടർന്നു തമിഴ്നാടും ആന്ധ്രാ പ്രദേശും. പുതിയ അവാർഡ് അനുസരിച്ച് സംസ്ഥാനത്തിന് 193 കോടിരൂപ കിട്ടുമ്പോൾ, നാലാംകമ്മിഷന്റെ പദ്ധതി അതേപടി തുടർന്നിരുന്നുവെങ്കിൽ 215 കോടി രൂപ കിട്ടുമായിരുന്നു എന്ന കാര്യം നമ്മുടെ സംസ്ഥാനത്തോട് കാണിച്ചിട്ടുള്ള കടുത്ത അനീതിയുടെ ആഴം എത്രയുണ്ടെന്ന് വ്യക്തമാക്കുന്നു. 1966–69 കാലത്തുള്ള വാർഷികപദ്ധതികളുടെ സംരക്ഷണച്ചെലവും ജീവനക്കാരുടെ ശമ്പളവർദ്ധനവും നിമിത്തം അധിക ബാദ്ധ്യതകൾ ഏറെടുക്കേണ്ടിവന്ന പരിതഃസ്ഥിതിയിൽ കേരളത്തിന് കുറഞ്ഞ തോതിലുള്ള ധനസഹായം മതിയാകുമെന്ന് തീരുമാനിക്കുന്നതിന് കമ്മിഷനെ പ്രേരിപ്പിച്ച കാരണങ്ങൾ അജ്ഞാതമാണ്.

നോൺപ്ലാൻ അക്കൗണ്ടിൽ 84 കോടിരൂപയുടെ കമ്മി, കേന്ദ്രവിഹിതവും ഗ്രാന്റും തട്ടിക്കഴിച്ചാൽ നാലാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിനുണ്ടാകുമെന്നു സമീപകാലത്തു നടത്തിയ വരവുചെലവ് അടങ്കലുകളുടെ പുനർനിർണ്ണയത്തിൽനിന്നും കാണുന്നു. പുതിയ നികുതി ചുമത്തലിൽനിന്നും പ്രതീക്ഷിക്കാവുന്ന വരവ്, പദ്ധതിയുടെ നടത്തിപ്പിലേക്ക് മാറ്റിവയ്ക്കേണ്ടതുകൊണ്ട് മേൽക്കാണിച്ച കമ്മിയുടെ സിംഹഭാഗവും നികത്താനാകാതെ വരികയാണ്. സംസ്ഥാനത്തിന് ഗണ്യമായ തോതിൽ പുതിയ നികുതിനിർദ്ദേശങ്ങൾ കൊണ്ടുവരാൻ കഴിയുകയില്ലെന്ന് സ്റ്റേറ്റ് ഗവൺമെന്റ് നിയമിച്ച നികുതി അന്വേഷണക്കമ്മിറ്റി (1969) വ്യക്തമാക്കിയിട്ടുണ്ട്. നാലാം പദ്ധതിക്കാലത്ത് പരമാവധി 35 കോടിരൂപയുടെ നികുതിച്ചുമത്തലാണ് കമ്മിറ്റി വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ 14 കോടി രൂപയും ഇലക്ട്രിസിറ്റി ടാരിഫിന്റെയും ഡ്യൂട്ടിയുടേയും ഇനത്തിലാണ്. അതിനാൽ റവന്യൂ അക്കൗണ്ടിൽ നാലാം പദ്ധതിക്കാലത്ത് വലിയ വിടവുണ്ടാകാതെ നിവർത്തിയില്ല. മൂലധന അക്കൗണ്ടിൽ കടം വീട്ടുന്ന ബാദ്ധ്യത ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. പുതിയ വായ്പകളെടുത്ത് പഴയ കടങ്ങൾ വീട്ടേണ്ട പരിതഃസ്ഥിതിയാണ് ഇന്നുള്ളത്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നിയന്ത്രണത്തിന് അതീതമായ പല കാരണങ്ങളെക്കൊണ്ടും റവന്യൂ അക്കൗണ്ടിലും മൂലധന അക്കൗണ്ടിലും വൻതോതിലുള്ള കമ്മി അഭിമുഖീകരിക്കേണ്ടിവരും. ഏകീകൃതമായ ദേശീയ വികസനത്തിന്റെ വിശാല താൽപ്പര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ക്രിയാത്മകവും ഭാവനാസമ്പന്നവുമായ നീക്കങ്ങളും ഇൻഡ്യാഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായാൽ മാത്രമേ ഇന്നത്തെ ദുർഘടസന്ധിയിൽനിന്നും നമുക്കു മോചനമുണ്ടാകയുള്ളൂ.

പ്ലാനിംഗ് കമ്മിഷൻ നാലാം പദ്ധതിക്ക് അവസാനരൂപം നൽകി കഴിഞ്ഞു. പാർലമെന്റിന്റെ ഇപ്പോഴത്തെ സമ്മേളനത്തിൽ തന്നെ അതു സമർപ്പിക്കപ്പെടുമെന്നുവേണം വിചാരിക്കാൻ. കേന്ദ്രവിഹിതമായ 175 കോടിരൂപയും സംസ്ഥാനത്തിന്റെ പങ്കായി 53 കോടി രൂപയും ചേർന്ന് 258 കോടിരൂപയുടെ മുതൽമുടക്കാണ് നമ്മുടെ സംസ്ഥാനത്ത് ഉദ്ദേശിച്ചിട്ടുള്ളത്. ഈ 83 കോടി രൂപയിൽ 33 കോടിരൂപയും പൊതുസ്ഥാപനങ്ങളും പൊതുക്കടമായും ധനകാര്യസ്ഥാപനങ്ങളിൽനിന്നു പ്രത്യേകമായ ഉടമ്പടി പ്രകാരം വാങ്ങുന്ന വായ്പകളായും സമാഹരിക്കേണ്ടതാണ്. പദ്ധതിയുടെ സ്റ്റേറ്റ് വിഭാഗത്തിലെ മൊത്തത്തിലുള്ള മുതൽ മുടക്ക് 500 കോടി രൂപയോളം വർദ്ധിപ്പിക്കുമെന്നും എന്നാൽ കേന്ദ്രസഹായം മുമ്പ് നിശ്ചയിച്ചിരുന്നതോതിൽത്തന്നെ അതായത് 3,500 കോടി രൂപയായി നിർത്തുമെന്നും പത്രവാർത്തകളുണ്ടായിരുന്നു. മുതൽമുടക്കിലുള്ള ഈ വർദ്ധനകൊണ്ടുള്ള പ്രയോജനം ഈ സംസ്ഥാനത്തിനും അനുഭവപ്പെടുമെന്നും അതിനാവശ്യമുള്ള അധിക വിഭവങ്ങൾകൂടി ലഭിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സാമ്പത്തികരംഗം

അടുത്തതായി 1969—ലെ സാമ്പത്തികസ്ഥിതിയെപ്പറ്റി ഹ്രസ്വമായ ഒരവലോകനത്തിലേക്ക് ഞാൻ കടക്കുകയാണ്.

വേണ്ടകാലത്ത് സാമാന്യം നല്ല മഴയും മേത്തരം വിത്തുകളുമുപയോഗിച്ചു കർഷകർ വിളവിറക്കാൻ കാണിച്ച താൽപ്പര്യവും നിമിത്തം, കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം 1969 പുരോഗതിയുടെ ഒരു വർഷമായിരുന്നു. പ്രധാന വിളവുകളും കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ സാരമായ വർദ്ധനയുണ്ടായിട്ടുണ്ട്. ആകെ വിളഭൂമിയുടെ കാര്യത്തിൽ 3.5% വർദ്ധനയുണ്ടായപ്പോൾ നെൽക്കൃഷിസ്ഥലത്തിന്റെ മാത്രമുള്ള വർദ്ധന 8 ശതമാനമാണ്. ഈ വർദ്ധനയുടെ ഏതാണ്ട് 74 ശതമാനവും ഒന്നിലധികം തവണ കൃഷിയിറക്കാൻ കഴിഞ്ഞതിന്റെ ഫലമാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. നിലവിലുള്ള കൃഷിസ്ഥലങ്ങളിൽ ഇരുപ്പൂവും, മുപ്പൂവും കൃഷിയിറക്കുന്ന ആരോഗ്യകരമായ പ്രവണതയാണ് ഇതു സൂചിപ്പിക്കുന്നത്.

മരച്ചീനി, കുരുമുളക് എന്നിവയൊഴികെയുള്ള പ്രധാന വിളവുകളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധന 1968—69—ൽ ഉണ്ടായിട്ടുണ്ട്. അരിയെസംബന്ധിച്ചിടത്തോളം മുൻ റിക്കാർഡുകളെ ഭേദിച്ചുകൊണ്ട് ഉൽപ്പാദനം 12.51 ലക്ഷം ടണ്ണായി ഉയർന്നു. 11.3 ശതമാനം കണ്ടുള്ള ഈ വർദ്ധന കഴിഞ്ഞവർഷത്തെക്കാൾ ഏതാണ്ട് 1,27,000 ടൺ അധികമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. നാളികേരം, അടയ്ക്ക എന്നിവയുടെ ഉൽപ്പാദനത്തിൽ 6.7 ശതമാനവും 7.1 ശതമാനവും വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. ഏത്തക്കായും മറ്റു വാഴപ്പഴങ്ങളും 4.3 ശതമാനം വർദ്ധിച്ചു. കശുഅണ്ടി, കരിമ്പ് എന്നിവയുടെ ഉൽപ്പാദനത്തിൽ യഥാക്രമം 1.1 ശതമാനവും 0.7 ശതമാവനവും വർദ്ധനകാണുന്നു. എന്നാൽ കുരുമുളകിന്റെ കാര്യത്തിൽ 3 ശതമാനവും മരച്ചീനിയുടെ കാര്യത്തിൽ 2. 8 ശതമാനവും കുറവ് അനുഭവപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly